അന്വേഷണത്തിലാണ്. അതുസംബന്ധിച്ച് വ്യക്തമായ വിവരങ്ങളൊന്നും ഇതുവരെ കിട്ടിയിട്ടില്ല.

*(ചോദ്യോത്തരസമയം കഴിഞ്ഞു)*

## (ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (1) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

**5 (*339) ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ പ്രവർത്തനം**

ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. എൻ.ആർ. ബാലൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം സാധാരണ കൃഷിക്കാർക്ക് പ്രയോജനപ്പെടുന്ന രീതിയിൽ പരിഷ്ക്കരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഉതകുന്ന രീതിയിലുള്ള ലഘുലേഖകൾ അച്ചടിച്ച് കൃഷിഭവനുകൾ വഴി വീടുകളിൽ എത്തിക്കാൻ ആവശ്യമായ സംവിധാനം ഏർപ്പെടുത്തുമോ;

(ഡി) ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് കൃഷി ചെയ്യുന്നതിന് കഴിയാവുന്ന രീതിയിൽ ഗ്രാമങ്ങളിൽ ഫിലിം പ്രദർശനം നടത്താൻ തയ്യാറാകുമോ;

(ഇ) എല്ലാ ജില്ലാ ഓഫീസിനോടനുബന്ധിച്ചും ഇൻഫർമേഷൻ കൗണ്ടറുകൾ ആരംഭിയ്ക്കാൻ നടപടി സ്വീകരിക്കുമോ?

കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) :

(എ) ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി കാർഷിക വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ബ്യൂറോയുടെ മൂന്നു യൂണിറ്റുകൾ ജില്ലകളിൽ തുടങ്ങുന്നതിനുമുള്ള നടപടി സ്വീകരിച്ചു വരുന്നു.

(ബി) ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ഇപ്പോഴുള്ള പ്രവർത്തനങ്ങൾ സാധാരണ കൃഷിക്കാർക്ക് പ്രയോജനപ്പെടത്തക്കവിധം പുനഃസംവിധാനം ചെയ്താണ് നടപ്പിലാക്കി വരുന്നത്. ഇതു കൂടുതൽ മെച്ചപ്പെടുത്തുവാനുള്ള നിരന്തരമായ നടപടികൾ ഉണ്ടാവും.

(സി) ഫാം ഇൻഫർമേഷൻ ബ്യൂറോയിൽനിന്നും കാർഷിക മേഖലയിലെ (കൃഷി/മൃഗസംരക്ഷണം/ക്ഷീര വികസനം) വിവിധ വിഷയത്തെപ്പറ്റി

LIBRARY ARCHIVES Kerala Legislative Assembly

യുള്ള ലഘുലേഖകളും ബുക്കുലെറ്റുകളും പ്രസിദ്ധീകരിച്ച് കർഷകർക്ക് സൗജന്യമായി വിതരണം ചെയ്യുന്നുണ്ട്.

(ഡി) ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള കൃഷി രീതിക ളെപ്പറ്റിയുള്ള വീഡിയോ ചിത്രങ്ങൾ നിർമ്മിച്ച് ഗ്രാമങ്ങളിൽ പ്രദർശനം നട ത്തുന്നുണ്ട്.

(ഇ) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ യൂണിറ്റുകൾ ആരംഭിയ്ക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

**6 (*340) വന്യജീവി സംരക്ഷണ നിയമം**

ശ്രീ. ടി.കെ. നൗഷാദ് :

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗ തവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവികളുടെ സംരക്ഷണത്തിനായി നില വിൽ ഏതൊക്കെ നിയമങ്ങളാണ് ഉള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) വന്യജീവി സംരക്ഷണം ഉറപ്പാക്കാൻ നിലവിലുള്ള നിയമങ്ങൾ പര്യാപ്തമെന്ന് സർക്കാർ കരുതുന്നുണ്ടോ;

(സി) സംസ്ഥാനത്ത് നിലവിലുള്ള വന്യജീവി സംരക്ഷണ നിയമങ്ങ ളിൽ എന്തെങ്കിലും ഭേദഗതി ആവശ്യമെന്ന് സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ ഏതെല്ലാം നിയമങ്ങളാണ് ഭേദഗതി വരുത്താനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) നിലവിലുള്ള നിയമത്തിലെ പഴുതുകൾ ഉപയോഗപ്പെടുത്തി വന്യമൃഗങ്ങളെ വേട്ടയാടുന്നതായി സർക്കാരിന് ബോദ്ധ്യമായിട്ടുണ്ടോ;

(ഇ) എങ്കിൽ വന്യമൃഗവേട്ട തടയുന്നതിനും മൃഗവേട്ടക്കാർക്ക് കർശ നമായ ശിക്ഷ നൽകുന്നതിനും പര്യാപ്തമായ രീതിയിൽ നിയമം ഭേദഗതി ചെയ്യാൻ നടപടി സ്വീകരിക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) :

(എ) കേരള വനനിയമം (1961), വന്യജീവി സംരക്ഷണ നിയമം 1972, വനസംരക്ഷണ നിയമം 1980 എന്നീ നിയമങ്ങളും അവയെ അടിസ്ഥാനമാക്കി യുള്ള ചട്ടങ്ങളും, സംസ്ഥാനത്ത് വന്യജീവി സംരക്ഷണത്തിനായി നിലവിലുണ്ട്.

(ബി)&(സി) കേരള വനനിയമം (1961), വന്യജീവി (സംരക്ഷണ) ചട്ട ങ്ങൾ (1978) എന്നിവയിൽ കാലോചിതമായ ഭേദഗതികൾ വരുത്തുവാൻ ഉദ്ദേ ശിക്കുന്നുണ്ട്.

(ഡി) ഇല്ല.

(ഇ) വന്യമൃഗവേട്ട തടയുന്നതിനും മൃഗവേട്ടക്കാർക്ക് കർശന ശിക്ഷ നൽകുന്നതിനും നിലവിലുള്ള നിയമങ്ങളിൽ ഇപ്പോൾ തന്നെ വ്യവസ്ഥ യുണ്ട്. ഈ വ്യവസ്ഥകൾ കൂടുതൽ കർശനമാക്കാനുള്ള നടപടികൾ സ്വീക രിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly